# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 2026

# ജാലകം

## എം. ടി. എൽ. പി. എസ്., ഉമയാറ്റുകര



# ആമുഖം

കുരുന്നു ഹൃദയങ്ങളിൽ അക്ഷരദീപം തെളിയിച്ചു കൊണ്ട് ചെങ്ങന്നൂർ കല്ലിശ്ശേരിക്കടുത്ത് 112 വർഷങ്ങളായി നിലകൊള്ളുന്ന വിദ്യാലയ മുത്തശ്ശിയാണ് എം. ടി. എൽ. പി സ്കൂൾ ഉമയാറ്റുകര. ലോകത്തിന്റെ പല കോണുകളിലേക്കും ശിഷ്യഗണങ്ങളെ എത്തിക്കാൻ കഴിഞ്ഞ വിദ്യാലയം.

സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന വിദ്യാലയം, സമൂഹത്തിന്റെ പിന്തുണ തേടുന്ന വിദ്യാലയം. ഇത് പൊതുസമൂഹത്തിന്റേതാണ്.

'സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം' എന്ന ലക്ഷ്യം സാക്ഷാത്കരിച്ച് വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി ഉയർത്താനുള്ള പ്രവർത്തനങ്ങളാണ് ഈ വർഷവും നടപ്പിലാക്കുന്നത്. എല്ലാ കുട്ടികളെയും തുല്യരായി പരിഗണിച്ചുകൊണ്ട് അവസരസമത്വവും, സാമൂഹിക നീതിയും ഉറപ്പാക്കുന്ന പഠനാന്തരീക്ഷവും വിദ്യാലയത്തിൽ സജ്ജമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സൗഹൃദപരമായ പഠനാന്തരീക്ഷവും പഠനപരിസരവും സാധ്യമാകുന്നതിനായി അധ്യാപികയും, രക്ഷിതാക്കളും, പൊതുസമൂഹവും അടങ്ങുന്ന വലിയൊരു കൂട്ടായ്മയും ഈ അധ്യയന വർഷത്തിൽ ഒരുങ്ങിയിട്ടുണ്ട്. ICT യുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തിയും വായനയുടെ ലോകത്തു നിന്ന് അകന്നു പോകുന്ന കുട്ടികളെ മികച്ച വായനാനുഭവത്തിലേക്ക് എത്തിക്കുവാൻ ഉതകുന്ന പ്രവർത്തനങ്ങളും പഠന

പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും കുട്ടികളുടെ വ്യത്യസ്തമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സർഗ്ഗവാസനകളെ കണ്ടെത്തി പുറത്തുകൊണ്ടുവരുന്നതിനും ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

സാധ്യതകളുടെ അനന്തമായ ലോകത്തിലേക്ക് കുട്ടികളെ എത്തിക്കുന്നതിന് കർമ്മധീരരായ അധ്യാപകർക്ക് കൂടുതൽ തെളിച്ചവും ദിശാബോധവും നൽകി 'സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം' എന്ന ലക്ഷ്യത്തിലേക്ക് എത്തി വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സഹായകമായ പ്രവർത്തനങ്ങളും ആശയങ്ങളുമാണ് ഇതിൽ ക്രമീകരിച്ചിട്ടുള്ളത്.

# ലക്ഷ്യങ്ങൾ

⇒ പ്രാഥമിക വിദ്യാഭ്യാസത്തിൽ ഉൾപ്പെടുന്ന ശേഷികളെ പരിപൂർണ്ണതയിലെത്തിക്കുക.

⇒ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക.

⇒ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുക.

⇒ സർഗപരമായ കഴിവുകൾ വളർത്തുന്നതിന് അവസരമൊരുക്കുക.

⇒ വിദ്യാഭ്യാസത്തിൽ ജനാധിപത്യമൂല്യങ്ങൾക്ക് പ്രാധാന്യം നൽകുക.

⇒ കലാ കായിക പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുക.

⇒ മാനുഷിക മൂല്യങ്ങൾ വളർത്താനുതകുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.

⇒ മാതൃഭാഷയിൽ പ്രാവീണ്യം നേടുന്നതിന് പ്രാപ്തരാക്കുക.

⇒ വിവര സാങ്കേതിക രംഗത്തുവരുന്ന പരിവർത്തനങ്ങൾ അതാത് സമയത്തുതന്നെ വിദ്യാർത്ഥികൾക്ക് അനുഭവവേദ്യമാക്കുക.

⇒ പാഠപുസ്തകങ്ങളോടൊപ്പം അധികവായനയ്ക്കുള്ള അവസരമൊരുക്കുക.

⇒ ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനുമുള്ള മനോഭാവം വികസിപ്പിക്കുക.

⇒ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വ്യത്യസ്തമായ കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുക.

⇒ കുട്ടികൾക്ക് മാനസികവും കായികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്ന പ്രവർത്തനങ്ങൾ നൽകുക.

⇒ പഠനം അനുഭവവേദ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക.

# അക്കാദമിക മികവിനായി ഏറ്റെടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ

⇒ ഭാഷാശേഷി വികസനം

⇒ ഗണിതശേഷി വികാസം

⇒ ശാസ്ത്ര പരിപോഷണം

⇒ ലൈബ്രറി ശാക്തീകരണം

⇒ സ്കോളർഷിപ്പ് പരീക്ഷ

⇒ കലാപ്രവൃത്തി പരിചയ പഠനം

⇒ പഠനയാത്ര

⇒ ജൈവ പച്ചക്കറിത്തോട്ടം

⇒ ദിനാചരണങ്ങൾ

⇒ പഠനോപകരണ നിർമാണം

⇒ ഐ. ടി പഠനം

⇒ ഭിന്നശേഷി കുട്ടികൾക്കുള്ള കൈത്താങ്ങ്

⇒ രക്ഷകർത്തൃ പങ്കാളിത്തം.

# നിലവിലെ അവസ്ഥ

എൽ.കെ.ജി, യു.കെ.ജി സ്റ്റാന്റേർഡ് 1 മുതൽ 4 വരെയുള്ള ക്ലാസ്സുകൾ ഓരോ ഡിവിഷൻ വീതം നടക്കുന്നു. എൽ.കെ.ജി, യു.കെ.ജി ക്ലാസ്സുകളിൽ 20 കുട്ടികളും 1 മുതൽ 4 വരെ 41 കുട്ടികളും പഠിക്കുന്നു. ബോധന മാധ്യമം മലയാളം/ ഇംഗ്ലീഷ്.

മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളാണെങ്കിലും ഉമയാറ്റുകര മാർത്തോമ്മാ (ഇടവക) പള്ളിയിൽ അതാതു കാലങ്ങളിൽ മാറി മാറി വരുന്ന പുരോഹിതന്മാരാണ് സ്കൂളിന്റെ ലോക്കൽ മാനേജർ. ഇപ്പോൾ ലോക്കൽ മാനേജറായി റവ. ഡോ. ജാക്സൺ ജോസഫ് പ്രവർത്തിക്കുന്നു. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും താങ്ങായി ലോക്കൽ അഡ്വൈസറി കമ്മിറ്റി പ്രവർത്തിക്കുന്നു. ശക്തമായ പി.ടി.എ അധ്യാപകരോടൊപ്പം കുട്ടികളുടെ നല്ല വളർച്ചയ്ക്കായി പ്രവർത്തിക്കുന്നു. ഇപ്പോഴത്തെ പി.ടി.എ പ്രസിഡന്റായി അതിര വിപിൻ പ്രവർത്തിക്കുന്നു. ഒപ്പം പി.ടി.എ വൈസ് പ്രസിഡന്റായി സഞ്ജു കെ. എസ്.

തിരുവൻവണ്ടൂർ, പാണ്ടനാട് പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന സ്കൂളിന്റെ പുരോഗതിയിൽ രണ്ടു പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ ഞങ്ങളോടൊപ്പം പ്രവർത്തിക്കുന്നുണ്ട്. തിരുവൻവണ്ടൂരിലെ വാർഡ് മെമ്പർ സതീഷ് കല്ലുപറമ്പിൽ, പാണ്ടനാട്ടിലെ വാർഡ് മെമ്പർ ശ്രീമതി ശ്രീകല ശിവനുണ്ണിയാണ്.

പഞ്ചായത്ത് ലൈബ്രറി സ്കൂൾ കുട്ടികൾക്കായി എപ്പോൾ വേണമെങ്കിലും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

ഭരണഭാഷ മാതൃഭാഷയായി നിലവിൽ വന്നെങ്കിലും ആംഗലേയ ഭാഷയോടുള്ള മതിപ്പ് ജനഹൃദയങ്ങളിൽ വർധിച്ചിരിക്കുന്നതിനാൽ ഈ സ്കൂളിലും ഇംഗ്ലീഷ്, ബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നു.

1 മുതൽ 4 വരെ ക്ലാസ്സുകളിലായി പ്രഥമാധ്യാപികയോടൊപ്പം മൂന്ന് അധ്യാപകർ പ്രവർത്തിക്കുന്നു. പ്രീ-പ്രൈമറി ക്ലാസ്സുകളിൽ രണ്ട് അധ്യാപകരും പ്രവർത്തിച്ചു വരുന്നു.

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | | | ചുമതലയുള്ള അധ്യാപിക |
|---|---|---|---|---|
| | ആൺ | പെൺ | ആകെ | |
| I | 4 | 5 | 9 | ഹരിത. കെ. എച്ച് |
| II | 3 | 6 | 9 | രാജി. എം. (HM) |
| III | 5 | 7 | 12 | നസീന. എസ്.എം |
| IV | 10 | 1 | 11 | ഫാത്തിമ. എഫ് |

| | B | G | T | |
|---|---|---|---|---|
| LKG | 6 | 5 | 11 | ഹേന ജോസി |
| UKG | 5 | 4 | 9 | റൂബി. സാബു |

# വിദ്യാലയത്തിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ | ഇനി ആവശ്യമുള്ളത് |
|---|---|---|
| ലാപ്ടോപ്പ് | 3 | 2 |
| കമ്പ്യൂട്ടർ. | 1 | 1 |
| പ്രൊജക്ടർ | ഉണ്ട് (1) | 1 |
| ടി.വി | ഇല്ല | 1 |
| ഇന്റർനെറ്റ് കണക്ഷൻ | ഇല്ല | |
| പ്രിന്റർ | ഉണ്ട് | - |
| സ്മാർട്ട് ക്ലാസ്സ് റൂം | ഇല്ല | 2 |
| സ്വന്തമായി വെബ്സൈറ്റ് | ഉണ്ട് | - |
| Fb ഐഡി | ഉണ്ട് | |
| ബ്ലോഗ് | ഇല്ല | |

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| SRG | ഉണ്ട് |
| PTA | ഉണ്ട് |
| MPTA | ഉണ്ട് |
| സ്കൂൾ വികസന സമിതി | ഉണ്ട് |
| ജാഗ്രതാ സമിതി | ഉണ്ട് |
| ക്ലബ്ബുകൾ | ഉണ്ട് |
| ലൈബ്രറി | ഉണ്ട് |
| കമ്പ്യൂട്ടർ ലാബ് | ഇല്ല |
| ഉച്ചഭക്ഷണ കമ്മിറ്റി | ഉണ്ട് |
| | |

# അക്കാദമിക നേട്ടങ്ങൾ

⇒ 2024 - 25 ചെങ്ങന്നൂർ ഉപജില്ല കലാകായിക പ്രവൃത്തി പരിചയമേളകളിൽ ഓവറോൾ രണ്ടാം സ്ഥാനം കൈവരിച്ചിട്ടുണ്ട്.

⇒ ഉപജില്ലാ കലോത്സവങ്ങളിൽ പങ്കെടുത്ത എല്ലാ വിഭാഗങ്ങളിലും സമ്മാനാർഹരായിട്ടുണ്ട്.

⇒ L.S.S സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുപ്പിക്കുകയും വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

⇒ ഇംഗ്ലീഷ് ഫെസ്റ്റ്, മലയാളത്തിളക്കം, ക്വിസ്സ്, സർഗ്ഗവേദി, വിദ്യാരംഗം എന്നിവയിൽ കുട്ടികൾ അവരുടെ പ്രാഗൽഭ്യം തെളിയിക്കുന്നു.

⇒ എല്ലാവർക്കും ഫീൽഡ് ട്രിപ്പ്, പഠനയാത്ര എന്നിവ നടത്തുന്നു.

⇒ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക അസംബ്ലി, പോസ്റ്റർ രചന, ദിനാചരണ സന്ദേശം, ക്വിസ്, പ്രതിജ്ഞ, രചനാ മത്സരങ്ങൾ എന്നിവ നടത്തുന്നു.

⇒ ശാസ്ത്രാഭിരുചി വളർത്തുന്നതിന് പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര പരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ, ശേഖരണ പ്രവർത്തനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നു.

⇒ സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിന് മലയാള മനോരമയുടെ 'നല്ല പാഠം' ക്ലബ്ബ് പ്രവർത്തിച്ചു വരുന്നു.

⇒ കുട്ടികളിൽ ശാരീരികവും മാനസികവുമായ ആരോഗ്യം നേടുന്നതിന് 2024-25 അധ്യയന വർഷം മുതൽ കരാട്ടെ പരിശീലനം നടത്തുന്നു.

⇒ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂൾ തലത്തിൽ സൂംബ ഡാൻസ് പരിശീലനം നടത്തുന്നു.

⇒ വായന, ലേഖനം എന്നിവ പരിപോഷിപ്പിക്കുന്നതിനായി എല്ലാ ക്ലാസ്സിലേക്കും ഓരോ പത്രം വീതം കുട്ടികൾക്ക് നൽകുന്നു.

# ലൈബ്രറി

## ലക്ഷ്യം

⇒ എല്ലാ കുട്ടികളെയും വായനയിൽ പ്രബുദ്ധരാക്കുക.

## പ്രവർത്തനങ്ങൾ

⇒ ഓരോ ക്ലാസ്സിനും അനുയോജ്യമായ ലൈബ്രറി പുസ്തകങ്ങൾ കണ്ടെത്തി പ്രയോജനപ്പെടുത്തുക.

⇒ വായനക്കുറിപ്പ് തയ്യാറാക്കൽ.

⇒ വായനയിൽ പിന്നോക്കം നിൽക്കുന്നവരെ സഹായിക്കാൻ നല്ല വായനക്കാരെ ചുമതലപ്പെടുത്തൽ.

⇒ പബ്ലിക് ലൈബ്രറി സന്ദർശനം.

⇒ ക്ലാസ്സ് ലൈബ്രറി

⇒ പത്ര വായന.

# പഠനോപകരണ നിർമ്മാണം

⇒ വിഷയാധിഷ്ഠിതമായ പഠനോപകരണങ്ങളിലൂടെ പഠനം ലളിതമാക്കൽ

## പ്രവർത്തനങ്ങൾ

⇒ ഓരോ ക്ലാസിലും വിഷയാടിസ്ഥാനത്തിലുള്ള പഠനോപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ.

⇒ ശില്പശാല എല്ലാ കുട്ടികളെയും പങ്കാളികളാക്കുന്നു.

# ലഹരിവിരുദ്ധ പ്രവർത്തനം

ലഹരിവിരുദ്ധ ഭാവിതലമുറയെ വാർത്തെടുക്കൽ

## പ്രവർത്തനങ്ങൾ

⇒ രക്ഷകർത്താക്കൾക്കും കുഞ്ഞുങ്ങൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ.

⇒ പോസ്റ്റർ നിർമാണം, പ്ലക്കാർഡ്, ലഹരിവിരുദ്ധ പ്രതിജ്ഞ, വിഡിയോ പ്രദർശനം എന്നിവ നടത്തുന്നു.

⇒ സുമ്പ ഡാൻസ് പരിശീലനം

# സ്കൂൾ അസംബ്ലി

⇒ പേടികൂടാതെ പൊതുസമക്ഷം കാര്യങ്ങൾ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.

⇒ അച്ചടക്കശീലം വളർത്തുക

⇒ നേതൃത്വപാടവം വളർത്തുക.

## പ്രവർത്തനങ്ങൾ

⇒ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് സ്കൂൾ അസംബ്ലി നടത്തുന്നു.

⇒ മലയാളം, ഇംഗ്ലീഷ് അസംബ്ലികൾ നടത്തുന്നു.

⇒ വിവിധ വിഷയങ്ങളെക്കുറിച്ച് അവതരണം.

⇒ Aerobics നടത്തുന്നു.

# ക്ലബുകൾ

ക്ലബ് പ്രവർത്തനങ്ങളിലൂടെ പഠനം രസകരമാക്കുക.

## പ്രവർത്തനങ്ങൾ

⇒ ആഴ്ചയിലൊരിക്കൽ ക്ലബ് പ്രവർത്തനങ്ങൾ നടത്തി വിഷയാടിസ്ഥാനത്തിലുള്ള സംശയം ദൂരീകരിച്ച് പഠനം രസപ്രദമാക്കുന്നു.

⇒ English club, maths club, science club, Health club എന്നിവ പ്രവർത്തിച്ചുവരുന്നു.

# സർഗ്ഗോത്സവം

⇒ കുട്ടികളെ എല്ലാതരത്തിലും മൂല്യബോധമുള്ളവരായി വളർത്തുക. മടി കൂടാതെ സദസ്സിനു മുൻപിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നതിന് പ്രാപ്തി നേടുക.

## പ്രവർത്തനങ്ങൾ

⇒ എല്ലാ വെള്ളിയാഴ്ചയും അവസാനത്തെ പിരിഡ് ക്ലാസ്സ് തലത്തിലും, സ്കൂൾ തലത്തിലും കുട്ടികളുടെ കലാപരമായ കഴിവുകൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

⇒ വിവിധ കലാപ്രവർത്തനങ്ങളിലുമുള്ള പരിശീലനം. പാട്ട്, കഥ, ഡാൻസ്, മോണോ ആക്ട്, നാടകം തുടങ്ങിയവ.

# കായികാരോഗ്യ വിദ്യാഭ്യാസം

കായിക ക്ഷമത വർദ്ധിപ്പിച്ച് ആത്മവിശ്വാസവും അപകടങ്ങളിൽ നിന്ന് രക്ഷനേടുന്നതിനുള്ള കഴിവ്.

(i) സഹജീവി സ്നേഹം വളർത്തുക.

(ii) നല്ല ആരോഗ്യശീലങ്ങളും പോഷകസമൃദ്ധമായ ഉച്ചഭക്ഷണവും.

## പ്രവർത്തനങ്ങൾ

⇒ അധ്യായന സമയത്തിനുശേഷം വിവിധ കളികളിലേർപ്പെടൽ.

⇒ ഷട്ടിൽ ബാറ്റ്, സ്കിപ്പിംഗ് റോപ്പ്, ചെസ്സ് ബോർഡ്, ക്യാരംസ്, ഫുട്ബോൾ എന്നിവ കുട്ടികൾക്കായി സജ്ജീകരിച്ചിരിക്കുന്നു.

⇒ നല്ല ആരോഗ്യശീലങ്ങൾ നയിക്കുവാനായി സ്കൂൾതലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ. പോഷകസമൃദ്ധമായ ഉച്ചഭക്ഷണം സ്കൂളിലും, വീട്ടിലും.

# ക്ലാസ്സ് - 1

## വിഷയം - ഇംഗ്ലീഷ്

| Aim | Activities | Duration | charge |
|---|---|---|---|
| → The goal for the grade is to handle English fluently. | ONNorukkam activites.<br>→ English assembly [one day English] | June<br>June to march | Teacher<br>Teacher SRG |
| → They must be able to read, write and speak English | → provides picture cards.<br>→ picture describ-tion<br>→ make riddles | June to march | Teacher |
| → The first grade must go from small words to big words | → write five english words weekly. | June to march | Teacher |

## വിഷയം - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| → ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, അ | ഒന്നൊരുക്കം<br>→ വായനോത്സവം<br>→ സംയുക്ത ഡയറി | ജൂൺ | അധ്യാപിക |

| | | | |
|---|---|---|---|
| ശയങ്ങൾ, തനിക്കറിയാവുന്ന പാട്ടുകൾ, കഥകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക. | → സർഗോത്സവം<br>→ സ്കൂൾ അസംബ്ലിയിൽ അവതരണം | ജൂൺ മുതൽ മാർച്ച് | അധ്യാപിക<br>SRG |
| → ഓരോ കുട്ടിയും സർഗാത്മക രചന നടത്തുന്നതിനുള്ള കഴിവ് നേടുന്നു. | → വ്യക്തിഗത രചനകൾക്ക് അവസരം നൽകുന്നു.<br>→ വായനാക്കാർഡ് നിർമാണം.<br>→ രചനോത്സവം. | ജൂൺ മുതൽ മാർച്ച്<br>നവംബർ മുതൽ ജനുവരി | അധ്യാപിക<br>SRG<br>PTA |
| → ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, സംഭാഷണം എന്നീ വ്യവഹാര രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക. | → വ്യക്തിഗത രചന<br>→ സംഘരചന<br>→ പതിപ്പ് ആക്കൽ | നവംബർ മുതൽ മാർച്ച് | അധ്യാപിക. |

## വിഷയം - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | → ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | ജൂൺ- ജൂലൈ | അധ്യാപിക |
| ⇒ പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കുന്നു. | → ഗണിത കളികളിൽ ഏർപ്പെടൽ<br>→ സംഖ്യാഗാനങ്ങൾ അവതരിക്കൽ. | ജൂലൈ മുതൽ മാർച്ച് | |

## വിഷയം - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| → ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള- പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ ജൂലൈ ആഗസ്റ്റ് | അധ്യാപിക SRG |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | പുഷ്പോദ്യാനം, ഔഷധത്തോട്ടം. | ഡിസംബർ ജനുവരി | SRG അധ്യാപിക |

# ക്ലാസ്സ് - 2

## വിഷയം - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ്. | → ലഘുപതിപ്പുകൾ തയ്യാറാക്കൽ.<br>→ കുട്ടികളുടെ പതിപ്പുകളുടെ പ്രദർശനം | ഒക്ടോബർ<br>നവംബർ | SRG<br>അധ്യാപിക |
| സർഗാത്മകതയെ തട്ടിയുണർത്താം. | → ചിത്രരചന മത്സരം<br>→ കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ.<br>→ രചനാശില്പശാല | ഡിസംബർ<br>ജനുവരി | അധ്യാപിക.<br>പ്രമുഖ വ്യക്തികൾ. |

## വിഷയം - ഇംഗ്ലീഷ്

| Aim | Activities | Duration | charge |
|---|---|---|---|
| → The goal for the learners is to handle English fluently. | → News paper reading<br>→ Library book reading. | One year | Teacher. |
| → To speak, Read and write English without | → make word web.<br>→ make riddles. | June to march. | Teacher |

| | | | |
|---|---|---|---|
| any mistake.<br>→ Describe orally about the picture and objects. | → provides picture cards.<br>→ Description [small sentences] | June to march. | Teacher |

# വിഷയം - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശുചിത്വശീലങ്ങളെ ഉൾ വ്യക്തിത്വവും ശുചിത്വവും വ്യക്തിത്വത്തിന്. | ശുചിത്വവുമായി ബന്ധപ്പെട്ട പോസ്റ്റർ രചന മത്സരം. | ജൂലൈ | അധ്യാപിക |
| → പ്രകൃതിയെ അറിയാൻ | → പ്രകൃതി നടത്തം<br>→ അവയെ സംരക്ഷിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുന്നു | സെപ്റ്റംബർ | അധ്യാപിക<br>SRG |
| → നല്ല ആരോഗ്യം നല്ല ജീവിതത്തിന് | → ഭക്ഷ്യമേള<br>→ പാനീയമേള<br>→ പാചകക്കുറിപ്പ് തയാറാക്കൽ | | CPTA |

# വിഷയം - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ<br><br>ഗണിത കേളികളിൽ താൽപര്യപ്പെടുന്നു. | → കുസൃതി കണക്കുകൾ<br>→ ഗണിത പസിലുകൾ<br>→ ഗണിതം കളികളിലൂടെ<br>→ ഡോമിനോ കളി (വ്യവകലനം)<br>→ ബോൾ കളി (ഗുണനം)<br>→ കൂട്ടുകാരെ കണ്ടെത്താം (സങ്കലനം). | ജൂൺ മുതൽ മാർച്ച് | അധ്യാപക SRG |

# ക്ലാസ്സ് - 3
# വിഷയം - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ⇒ വായന<br>മലയാളം തെറ്റു കൂടാതെയും അക്ഷര സ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | ⇒ പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപിക |
| | ⇒ ക്ലാസ്സ് ലൈബ്രറി വികസനം | അധ്യായന വർഷം മുഴുവൻ | SRG |
| | ⇒ അമ്മ വായന<br>⇒ വായനാക്കുറിപ്പ് തയാറാക്കൽ | അധ്യായന വർഷം മുഴുവൻ | രക്ഷിതാക്കൾ |
| | ⇒ വായനാ കാർഡുകൾ തയാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകർ |
| ⇒ ലേഖനം<br>വിവിധ വ്യവഹാരരൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുക. | ⇒ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുന്നു.<br>* ജീവചരിത്ര കുറിപ്പ്<br>* പോസ്റ്റർ രചന<br>* സന്ദേശം<br>* പ്രസംഗം. | | |

| | | | |
|---|---|---|---|
| അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ. | → കഥ<br>→ കവിത<br>→ ആസ്വാദന കുറിപ്പ്<br>→ വിവരണം<br>→ കത്ത് | വർഷം മുഴുവൻ | അധ്യാപകർ |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ.<br>വേദി - CPTA | അധ്യയന വർഷം മുഴുവൻ | അധ്യാപകർ<br>SRG<br>CPTA |

## വിഷയം - ഇംഗ്ലീഷ്

| Aims | Activities | Duration | Charge |
|---|---|---|---|
| → To study alphabets | • pre test<br>• write simple words. | June - July | Teacher |
| → To study, write and read simple words | circle the word from TB and read | August- September | Teacher |

| | | | |
|---|---|---|---|
| create more opportunities for english speaking in the class room. | class room communication should be in English, like<br>→ may I drink some water<br>→ may I go to bathroom?<br>→ Hello, Good morning | Academic year. | Teacher |

# വിഷയം – പരിസരപഠനം

| ലക്ഷ്യം | പരിസരപഠനം | കാലം | ചുമതല |
|---|---|---|---|
| → നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക.<br>ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | → സസ്യങ്ങളെ തരംതിരിക്കൽ<br>→ പ്രകൃതി നടത്തം | ജൂൺ - ആഗസ്റ്റ് | അധ്യാപകർ |
| → പ്രകൃതി സംരക്ഷണം | ⇒ മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>→ മാലിന്യങ്ങൾ വേർതിരിച്ച് ഹരിതകർമസേനയെ പ്രയോജനപ്പെടുത്തുക. | ആഗസ്റ്റ് - സെപ്റ്റംബർ<br>വർഷം മുഴുവൻ | അധ്യാപകർ<br>PTA |

| | | | |
|---|---|---|---|
| വ്യക്തിശുചിത്വം<br>പരിസരശുചിത്വം | → കൈ കഴുകൽ പരിശീലനം<br>→ പോസ്റ്റർ നിർമാണം<br>→ ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ<br>→ ഡ്രൈ ഡേ ആചരണം. | സെപ്റ്റംബർ മുതൽ ഒക്ടോബർ<br>വർഷം മുഴുവൻ | അധ്യാപകർ<br>കുട്ടികൾ |

# വിഷയം – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | → ഒറിഗാമി ശില്പശാല<br>രസകരമായി ഗണിത പഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും<br>ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമിക്കൽ, പ്രദർശിപ്പിക്കൽ. | ഒക്ടോബർ | SRG<br>അധ്യാപകർ |
| ഗണിത ക്ലബ് രൂപീകരണം | എല്ലാ ക്ലാസുകളിലെയും കുട്ടികളെ ഉൾപ്പെടുത്തി ക്ലബ് രൂപീകരിക്കുന്നു.<br>→ ഗണിത മാഗസിൻ<br>→ പാറ്റേൺ<br>→ ഗണിത ക്വിസ്<br>→ ഗണിത ക്ലാസുകൾ | | |

# ക്ലാസ്സ് - 4
## വിഷയം - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| → വായനാശേഷി വളർത്തൽ<br>→ എഴുത്ത് പരിപോഷിപ്പിക്കൽ | → ക്ലാസ്സ് ലൈബ്രറി<br>→ വായനോത്സവം<br>→ വായനാ കുറിപ്പ്<br>→ ആസ്വാദന കുറിപ്പ് തയാറാക്കൽ | വർഷം മുഴുവൻ | അധ്യാപിക<br>HM<br>SRG<br>CPTA |
| → നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | → ഭക്ഷ്യമേള<br>→ പാചക കുറിപ്പ് തയാറാക്കൽ | വർഷത്തിലൊന്ന് | SRG<br>അധ്യാപിക<br>PTA |
| → സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | → ഓർമദിനങ്ങൾ ആചരിക്കൽ<br>→ പുസ്തക പരിചയം<br>→ ഡോക്യുമെന്ററി പ്രദർശനം<br>→ ക്വിസ്<br>→ ലഘു ജീവിതരേഖ തയാറാക്കൽ | വർഷം മുഴുവൻ | SRG<br>അധ്യാപിക |
| → ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരണം. | → സർഗോത്സവം | എല്ലാ വെള്ളിയാഴ്ചയും | HM<br>SRG<br>അധ്യാപിക |

# വിഷയം - ഇംഗ്ലീഷ്

| Aims | Activities | Duration | Charge. |
|---|---|---|---|
| → To encourages active learning and speaking skills. | → English Assembly | Academic year | Teacher. |
| → Ensure Fluency in reading and writing. | → English Theatre. • Drama, Skit, conversation, story Telling. | monthly | Teacher HM SRG |
| → To equip students with effective written communication skills. | → Develop english magazine | | |
| | → English Fest | February march | SRG HM Teacher |
| → To develop a solid understanding of language elements. | → English corner | monthly | HM SRG |

# വിഷയം - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| → ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | → പരീക്ഷണ നിരീക്ഷണങ്ങൾ | ആവശ്യാനുസരണം | HM അധ്യാപിക |

| | | | |
|---|---|---|---|
| → ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ | → സയൻസ് പാർക്ക്<br>→ ഫീൽഡ് ട്രിപ്പ്<br>→ സയൻസ് ക്ലബ്<br>→ പഠനോപകരണങ്ങൾ നിർമിക്കൽ. | ആവശ്യാനുസരണം. | SRG<br>HM<br>അധ്യാപിക<br>CPTA |
| → ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രദർശനം | ശാസ്ത്ര മാസികകളുടെ നിർമാണം<br>→ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ എന്നിവയുടെ പ്രദർശനം.<br>→ ആൽബം | വർഷത്തിൽ | SRG<br>HM<br>അധ്യാപിക |

## വിഷയം - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ | → ഗണിത കളികൾ<br>→ ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ്സ് അധ്യാപിക |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ. പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് അധ്യാപിക. |

| | | | |
|---|---|---|---|
| →ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ. ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | അധ്യാപിക |
| →ഗണിത ശേഷികളുടെ പ്രകടനം | → പസിൽ<br>→ പാറ്റേൺ<br>→ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG അധ്യാപിക. |
| → ഗണിതപഠനോപകരണ ശില്പശാല | → പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം.<br>പ്രദർശനം. | ആവശ്യാനുസരണം. | |

# വിദ്യാലയം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

⇒ സ്കൂളിന് സ്വന്തമായി വാഹന സൗകര്യം ഇല്ല.

⇒ ഒന്നര കിലോമീറ്റർ ചുറ്റളവിൽ അൺ എയ്ഡഡ് സ്കൂളുകൾ.

⇒ സ്മാർട്ട് ക്ലാസ്സ് റൂമിന്റെ അഭാവം

⇒ കളിസ്ഥലത്തിന്റെ അപര്യാപ്തത.

⇒ ലാപ്ടോപ്പുകളുടെ ലഭ്യത കുറവ്

⇒ മാലിന്യസംസ്കരണത്തിനുള്ള സ്ഥലസൗകര്യ കുറവ്.

# ഉപസംഹാരം

'സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി പാഠപുസ്തകങ്ങൾക്കും ക്ലാസ്സ് മുറിയിലെ പ്രവർത്തനങ്ങൾക്കും പുറമെ തന്റെ ചുറ്റുപാടുമുള്ള ജീവിതഗന്ധിയായ അനുഭവങ്ങളിലൂടെ നവമാധ്യമ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യത്യസ്ത പഠനസാഹചര്യം ഒരുക്കിക്കൊണ്ട് ഓരോ കുട്ടിയുടെയും സമഗ്ര വികസനം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ ഈ വികസന പദ്ധതി രേഖയ്ക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.